താണ്. ഇന്ന് ഏറ്റവും കുണ്ടും കുഴിയുമായി കിടക്കുന്ന ആ ബസ് സ്റ്റേഷനിൽ വണ്ടികൾക്ക് ചെല്ലാനും യാത്രക്കാർക്ക് ചെല്ലാനും ബുദ്ധിമുട്ട് ഉണ്ടായിരിക്കുന്നു. ഓപ്പറേറ്റിംഗ് സെന്ററിന്റെ സ്ഥാനത്ത്. ഇപ്പോൾ സ്റ്റേഷൻമാസ്റ്ററുടെ ആഫീസാണ് പ്രവർത്തിക്കുന്നത്. 24 മണിക്കൂറും പ്രവർത്തിപ്പിച്ച് സഞ്ചാരയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം. കോട്ടയം കഴിഞ്ഞാൽ വികസിക്കാൻ സാധ്യതയുള്ളത് ഏറ്റുമാനൂർ ബസ് സ്റ്റേഷൻ ആണ്. അവിടെ കുട്ടികൾക്ക് കൺസഷൻ സൗകര്യം ഏർപ്പെടുത്തണം. പുതിയ വാഹനങ്ങളൊന്നും അനുവദിക്കുന്നില്ലെങ്കിലും ഉള്ളത് സൗകര്യപ്രദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻനാടാർ): 4-8-1984 മുതൽ കെ. എസ്. ആർ. ടി. സി. യുടെ ഒരു സ്റ്റേഷൻമാസ്റ്റർ ആഫീസ് ഏറ്റുമാനൂരിൽ പ്രവർത്തിക്കുന്നുണ്ട്. രാവിലെ ആറു മണിമുതൽ പത്തുമണിവരെ ഈ ആഫീസ് പ്രവർത്തിക്കുന്നുണ്ട്. എക്സ്പ്രസ് സർവ്വീസ് ഉൾപ്പെടെ 285 സർവ്വീസുകൾ ഈ സ്റ്റേഷൻ യാഡ് ടച്ചുചെയ്ത് ഓടുകയാണ്. ബസ് സ്റ്റേഷന്റെ പരിസരം കുണ്ടും കുഴിയുമായി കിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർച്ചയായ മഴകാരണമാണ് ഇത്രയും വൈഷമ്യം ഉണ്ടായത്. ഏതായാലും കുണ്ടും കുഴിയും നികത്തി ബസ് സ്റ്റേഷൻ യാഡ് ഗതാഗതയോഗ്യമാക്കുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. വളരെവേഗം ജോലി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(9) അട്ടപ്പാടിയിലെ സ്കൂളുകളുടെ ദുഃസ്ഥിതി

ശ്രീ. പി. കുമാരൻ : അട്ടപ്പാടി ട്രൈബൽ ഏരിയായിലെ എൽ. പി. വിഭാഗത്തിലും യു. പി. വിഭാഗത്തിലും ഹൈസ്കൂൾ വിഭാഗത്തിലുമുള്ള സ്കൂളുകളിൽ ആവശ്യമായത്ര അദ്ധ്യാപകരില്ലെന്ന് പല പ്രാവശ്യം ബന്ധപ്പെട്ട ഡി. ഇ. ഒ. മാരോടുമൊക്കെ പറഞ്ഞിട്ടുണ്ട്. ഇതുവരെ അതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇപ്പോൾ അവിടെ പുതുതായി പോസ്റ്റ് ചെയ്തിട്ടുള്ളത് അദ്ധ്യാപികമാരെയാണ്. അവർ അവിടെപോയി ജോയിൻ ചെയ്തിട്ടില്ല. ഇതിനുള്ള പരിഹാരം കാണണമെന്ന് വിദ്യാഭ്യാസ മന്ത്രിയോട് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, അഗളിയിൽ ആകെ അനുവദിച്ചിട്ടുള്ള തസ്തികകൾ 28 ആണ്. അതിൽ അഞ്ചെണ്ണം ഒഴിഞ്ഞുകിടക്കുന്നുണ്ട്. പുത്തൂർ എന്നു പറയുന്ന സ്കൂളിൽ 28 തസ്തിക അനുവദിച്ചതിൽ ഒരെണ്ണം ഒഴിഞ്ഞുകിടക്കുന്നു. കാവണ്ടിക്കൽ യു. പി. എസിൽ പതിനഞ്ച് തസ്തികയിൽ പത്തെണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. പി. എസ്. സി. യുടെ ലിസ്റ്റ് ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെ ആവശ്യപ്പെട്ടത്. ഡിസ്ട്രിക്ട് റിക്രൂട്ടുമെന്റ് ബോർഡുമായി

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചപ്പോൾ പി. എസ്. സി. യുമായി ആലോചിച്ച് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞു. അടുത്തദിവസംതന്നെ പി. എസ്. സി. യുടെ മീറ്റിങ് കൂടി ഇപ്പോൾ നിലവിലുള്ള ആളുകളുടെ ലീസ്റ്റ് റിലീസ് ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. തൽക്കാലം ഒഴിവുകൾ നികത്തുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് അദ്ധ്യാപകരെ നിയമിക്കാനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

(10) കൂത്താട്ടുകുളം ബേക്കൺ ഫാക്ടറി

ശ്രീ. വി. വി. ജോസഫ് : മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ കീഴിലുള്ള കൂത്താട്ടുകുളം ബേക്കൺ ഫാക്ടറിയിൽ ലാർജ് അനിമൽ സ്റ്റാട്ടർപ്ലാന്റ് വഴി ഇരുപതു ലക്ഷംരൂപ മുടക്കി കെട്ടിടവും ഉപകരണവും സ്ഥാപിച്ചിട്ട് മൂന്നുവർഷമായി. അവിടെയുള്ള കോഴിവളർത്തൽ പന്നിവളർത്തൽ മുയൽ വളർത്തൽ എന്നിവ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് പുരോഗതിയില്ലാതായിരിക്കുകയാണ്. മൂന്നുലക്ഷം രൂപ മാർജിൻമണി നമ്മുടെ ഗവൺമെന്റ് കൊടുത്താൽ നബാഡ് ഇഷ്ടംപോലെ കടം കൊടുക്കാൻ തയ്യാറാണ്. രൂപകൊടുത്തില്ലെങ്കിലും മാർജിൻമണി കൊടുക്കാമെന്ന എഗ്രിമെന്റ് വച്ചാൽപോലും നബാഡ് പണംകൊടുക്കാൻ സന്നദ്ധമാണ്. പന്തീരായിരം രൂപ പ്രതിമാസം ടി. എ. വാങ്ങിക്കുന്ന ചെയർമാനുണ്ട്. അവർക്ക് ആർക്കും ഈ കാര്യത്തിൽ താല്പര്യമില്ല. വിറ്റഴിക്കുന്ന ഉല്പന്നങ്ങൾക്ക് നല്ല ഡിമാന്റുണ്ട്. അതുകൊണ്ട് മാർജിൻമണി കൊടുക്കുകയോ കൊടുക്കാമെന്ന എഗ്രിമെന്റ് കൊടുക്കുകയോ ചെയ്ത് നബാഡിൽനിന്ന് പണം വാങ്ങിച്ച് ഉപയോഗശൂന്യമായ ആ പ്ലാന്റും മറ്റ് പ്രവർത്തനങ്ങളും നടത്താൻ വേണ്ട ഏർപ്പാട് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്ബ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെയേറെ വികസനസാധ്യതയുള്ള ഒരു സ്ഥാപനമാണ് മീറ്റ്പ്രോഡക്ട്സ് ഓഫ് ഇന്ത്യ. ലാർജ് അനിമൽ സ്റ്റാട്ടർ പ്ലാന്റിന്റെ പ്രവർത്തനം തുടങ്ങിയ കാര്യങ്ങൾക്ക് നബാഡിന്റെ ധനസഹായം കിട്ടും. അതിനുള്ള നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കുന്നതാണ്. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ സബ്സിഡിയർ ആയിരുന്ന എം. പി. ഐ. എ. ഒരു സ്വകാര്യസ്ഥാപനമാക്കാൻ തീരുമാനിച്ചു. സർക്കാർ 12.69 ലക്ഷംരൂപ മൂലധനമായിട്ട് നൽകും. ഇനി നബാഡിന്റെ ലോൺ കിട്ടാൻ താമസമില്ല. എം. പി. ഐ. എ. യുടെ വികസനം പ്ലാൻ അനുസരിച്ചുതന്നെ പുരോഗമിക്കും.

(11) മൂലമറ്റം കെ. എസ്. ആർ. ടി. സി. ഓപ്പറേറ്റിംഗ് സെന്റർ

ശ്രീ. ജോസ് കുറ്റിയാനി : ഇടുക്കി ജില്ലയിൽ ആദ്യമായി കെ. എസ്. ആർ. ടി. സി. യുടെ ഓഫീസ് തുടങ്ങിയത് 1989-ൽ യശശരീരനായ ശ്രീ. കെ. എം. ജോർജ്ജ് ഗതാഗത വകുപ്പുമന്ത്രിയായി വന്നപ്പോഴാണ്. അതിനുശേഷം മൂലമറ്റത്ത് ഉണ്ടായിരുന്ന സ്റ്റേഷൻമാസ്റ്റർ ആഫീസ് ലോനപ്പൻ നമ്പാടൻ മന്ത്രിയായിരുന്നപ്പോൾ ഓപ്പറേറ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly